## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1278 — 21.03.2013-ലെ മറുപടിക്ക്

### സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, സണ്ണി ജോസഫ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ). | അന്താരാഷ്ട്ര നിലവാരത്തിൽ നഗര റോഡുകൾ വികസിപ്പിക്കുകയാണ് കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. നഗരത്തിൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക, കാൽനടയാത്രക്കാർക്കും, വാഹന യാത്രികർക്കും സുഗമമായും സുരക്ഷിതമായും സഞ്ചരിക്കുവാനുള്ള സൗകര്യം ഒരുക്കുക, റോഡുകളുടെ വശങ്ങളിൽ ഓടകളും ഡക്ടുകളും നിർമ്മിക്കുക, ജംഗ്ഷനുകൾ നവീകരിക്കുക, ആധുനിക രീതിയിലുള്ള സിഗ്നൽ ലൈറ്റുകളും തെരുവ് വിളക്കുകളും സ്ഥാപിക്കുക, ബസ് ബേകൾ നിർമ്മിക്കുക, നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന പുൽത്തകടികളും വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി). | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കി വരുന്നുണ്ട് ; | (ബി). (സി). & (ഡി). | സംസ്ഥാനത്ത് തിരുവനന്തപുരത്താണ് നഗര റോഡു വികസന പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തിയായി വരുന്നു. ഇതു കൂടാതെ കോഴിക്കോട് നഗര റോഡു വികസന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി വരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. കൊച്ചി നഗര റോഡു വികസന പദ്ധതിയുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കണ്ണൂർ, |
| (സി). | പ്രസ്തുത പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ മറ്റു നഗരങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്താൻ മരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കുമോ; | | |
| (ഡി). | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

മലപ്പുറം, തൃശ്ശൂർ, കോട്ടയം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൊല്ലം നഗര റോഡു വികസന പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**